## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **11/08/2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 1538**

## ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള മുൻഗണനാ മാനദണ്ഡം

| ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് ലൈഫ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനാണ് LIFE പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രദേശങ്ങളെ നിർണ്ണയിക്കുന്നതിനും, പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നത്.<br>ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാല് വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.<br>3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ<br>4. ഭൂരഹിത ഭവനരഹിതർ<br>ഇതിൽ,<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ |

| | | | |
|---|---|---|---|
| | | | ◦ ഗുരുതരമാരകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ<br>◦ രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br>എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |
| (സി) | പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ സർക്കാർ വിഹിതം എത്ര, പഞ്ചായത്ത് വിഹിതം എത്ര എന്ന ക്രമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ലൈഫ് മിഷന്റെ ധനസമാഹരണത്തിന് സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നതിനും പ്രസ്തുത വായ്പയുടെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 25%-ത്തിൽ അധികരിക്കാതെ ഓരോ വർഷവും തിരിച്ച് പിടിക്കുവാനും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിലെ വായ്പാ തിരിച്ചടവ് 40:35:25 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ വികസന ഫണ്ട്/ ധനകാര്യ കമ്മീഷൻ വിഹിതം എന്നിവയിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>05.04.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിൽ ലൈഫ് മിഷൻ ധനസമാഹരണം സംബന്ധിച്ച തീരുമാനം ചുവടെ ചേർത്ത പ്രകാരമാണ്.<br>*"ലൈഫ്" മിഷന്റെ ധനസമാഹരണത്തിന് സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.*<br>*പ്രസ്തുത വായ്പയുടെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 25%-ത്തിൽ അധികരിക്കാതെ ഓരോ വർഷവും തിരിച്ച് പിടിക്കുവാനും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചു.*<br>*ഗ്രാമപഞ്ചായത്ത് തലത്തിലെ വായ്പാ തിരിച്ചടവ് 40:35:25 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ വികസന ഫണ്ട് / ധനകാര്യ കമ്മീഷൻ വിഹിതം* |

എന്നിവയിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു"

തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് 31.07.2017-ൽ പുറപ്പെടുവിച്ച 151/2017/ത.സ്വ.ഭ.വ. ഉത്തരവിൽ ലൈഫ് മിഷൻ ധനസമാഹരണവിമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഭാഗമാണ് വിശദീകരിച്ചിട്ടുള്ളത്.

*"PMAY പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വിവിധ വകുപ്പുതല ഭവനപദ്ധതികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും സമാഹരിക്കാനാകുന്ന തുകയും ലഭ്യമാക്കാനാകുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടും കിഫ്ബി വഴി ലഭ്യമാക്കാനാകുന്ന വായ്പയുമാണ് LIFE ഭവനസമുച്ചയങ്ങളുടെ നിർമ്മാണച്ചെലവിനുള്ള ധനസ്രോതസ്സുകൾ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ആവശ്യമായി വരുന്ന വായ്പ സംസ്ഥാന ലൈഫ് മിഷൻ കിഫ്ബി പോലുള്ള സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്നതും എൽഎസ്.ജികൾക്ക് കൈമാറുന്നതുമാണ്.*

*നിർമ്മാണച്ചെലവിന്റെ ഒരു നിശ്ചിത ശതമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും നീക്കി വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്. ഒന്നിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾ ഉൾപ്പെടുന്ന LIFE ഭവനസമുച്ചയങ്ങളുടെ കാര്യത്തിൽ ഈ തുക ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആനുപാതികമായി പങ്കുവയ്ക്കേണ്ടതാണ്.*

*വായ്പയായി ലഭ്യമാക്കേണ്ടി വരുന്ന തുകയുടെ പലിശ വരും വർഷങ്ങളിൽ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. എന്നാൽ മുതൽ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഓരോ വർഷവും തിരിച്ചു പിടിക്കുന്നതാണ്. തുക അടച്ചു തീർക്കേണ്ട കാലയളവ്, ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിന് മുമ്പ് തന്നെ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. "*

*ഇതിനുപരിയായി ലൈഫ് മിഷൻ പദ്ധതി*

| | | | |
|---|---|---|---|
| | | | *നിർവ്വഹണത്തിനായി സർക്കാർ വിഹിതം എത്ര, പഞ്ചായത്ത് വിഹിതം എത്ര എന്ന ക്രമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പുതിയ ഭവനങ്ങളുടെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷം മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കുന്ന പ്രവൃത്തിയാണ് ഈ സാമ്പത്തിക വർഷം നടത്തുന്നത്. ആയതിനാൽ തന്നെ സാമ്പത്തിക കാര്യത്തിൽ ചർച്ചയും അതിന്റെ പരിശോധന ചീഫ് സെക്രട്ടറി തലത്തിൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്* |
| (ഡി) | ഏറെ വർഷങ്ങളായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട്, പെൺമക്കളോടൊപ്പം ജീവിക്കുന്ന നിരാലംബരായ സ്ത്രീകൾ, രോഗബാധിതരായി കൂലിപ്പണി പോലും ചെയ്യാൻ കഴിയാതെ കിടപ്പിലാകുന്ന ഭർത്താവിനെയും കുടുംബത്തെയും സംരക്ഷിക്കുവാൻ ബാധ്യസ്ഥരാകുന്ന സ്ത്രീകൾ, വിധവകൾ തുടങ്ങി ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന ഭവനരഹിതരായ സ്ത്രീകൾ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ സാധ്യമാകുന്ന തരത്തിൽ മുൻഗണനാമാനദണ്ഡം നിർണ്ണയിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി)<br>&<br>(ഇ) | ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ<br>◦ ഗുരുതരമാരകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ<br>◦ രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br><br>ആയതിനാൽ ജാതി/മത പരിഗണനകൾക്ക് ഉപരിയായി എല്ലാ വിഭാഗങ്ങൾക്കും അർഹമായ സഹായം ഈ പദ്ധതിയിൽ ഉണ്ടാകുന്നതാണ്. |
| (ഇ) | ഉണ്ടെങ്കിൽ, പ്രസ്തുത മുൻഗണന, ജാതി/മത പരിഗണനകൾക്ക് ഉപരിയായി അർഹരായ എല്ലാവർക്കും നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**